# വാക്കുകളുടെ(യും) മഹാഋടയൻ

Jan 3, 2020, 11:35 PM IST

A | A | A

# സജയ് കെ.വി.



**താ**പസവൃത്തിയെയും പ്രേഷിതവൃത്തിയെയും സമുദായസേവനത്തെയും സവിശേഷാനുപാതത്തിൽ സമന്വയിച്ചുകൊണ്ടുള്ള കർമദീപ്തമായ സന്ന്യാസജീവിതമായിരുന്നു വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റേത്. അദ്ഭുതവൃത്തികളുടെ അതീതപരിവേഷമില്ല, അച്ചന്റെ ധന്യശിരസ്സിനുചുറ്റും. നിസ്തന്ദ്രമായ കർമമഹത്ത്വമാണ് പരിവേഷപ്പെടുത്തുന്നത്, ആ ആത്മീയവിശുദ്ധിയെ. രണ്ടുനൂറ്റാണ്ടിനപ്പുറം, 1805-ൽ ആലപ്പുഴയിലെ കൈനകരിയിൽ അച്ചൻ ജനിച്ചു. 1871 ജനുവരി മൂന്നിനായിരുന്നു. അദ്ദേഹത്തിന്റെ ദേഹവിയോഗം.

**നവോത്ഥാനത്തിന്റെ ആദ്യപഥികൻ**

അച്ചന്റെ ആത്മശോഭയെക്കുറിച്ചെഴുതുമ്പോൾ അദ്ദേഹം ജീവിച്ച പത്തൊൻപതാം നൂറ്റാണ്ടിലെ തമോമയമായ കേരളീയസാമൂഹികാന്തരീക്ഷത്തെക്കുറിച്ചുകൂടി പറയണം. ജാതിഭേദത്താൽ വിഭജിതരും സവർണചൂഷണത്തിന്റെ ഇരകളുമായിരുന്നു അന്ന് കേരളീയസമൂഹത്തിലെ വലിയൊരു വിഭാഗം. അവരെയാണ് അച്ചൻ ജാതിഭേദവും മതദ്വേഷവുമില്ലാത്ത മാനവികതയുടെ മഹാവെളിച്ചത്തിലേക്ക് ആനയിച്ചത്. മാന്നാനത്ത് ചാവറയച്ചൻ സ്ഥാപിച്ച സംസ്കൃത സ്കൂളിൽ (1846) എല്ലാ ജാതിയിലും മതത്തിലുംപെട്ട കുട്ടികൾക്ക് പ്രവേശനമുണ്ടായിരുന്നു. 'പള്ളിക്കൊരു പള്ളിക്കൂടം' എന്ന ആഹ്വാനത്തിലൂടെ (1864) ഈ വിദ്യാവിപ്ലവത്തെ അദ്ദേഹം സാർവത്രികമാക്കി. ഏറെ ക്ലേശംസഹിച്ച്, അച്ചന്റെ ഭാഷയിൽ പറഞ്ഞാൽ 'ഞെരുക്കിട' സ്ഥാപിച്ച മാന്നാനം പ്രസ്സിലൂടെ (1846) മുദ്രണാലയമെന്ന ആധുനികതയുടെ യന്ത്രാവതാരത്തെയും അദ്ദേഹം കേരളത്തിലേക്കാനയിച്ചു. പുരുഷന്മാർക്ക് തദ്ദേശീയ സന്ന്യാസസഭയും (1831) സ്ത്രീകൾക്ക് കന്യാമഠവും (1833) സ്ഥാപിച്ചത് കൂടാതെയാണിത്.

'ഈ കടലാസ് മരിക്കയില്ല' എന്ന അക്ഷരസന്ദേശത്തിലൂടെയും അച്ചൻ ഓർമിക്കപ്പെടുന്നു. 'ഒരു നല്ല അപ്പന്റെ ചാവരുൾ' (1868) എന്ന കുടുംബചട്ടത്തിലൂടെയായിരുന്നു അത്. സന്മാർഗനിരതമായ ലൗകികജീവിതത്തിനുള്ള മികച്ച മാർഗരേഖയാണ് ചാവരുൾ. 'നാളാഗമങ്ങ'ളിലും 'ധ്യാനസല്ലാപങ്ങ'ളിലും അച്ചന്റെ ഗദ്യത്തിന്റെ ഇതരമാതൃകകൾ നമ്മൾ വായിക്കുന്നു. കവിയായ ചാവറയച്ചന്റെ ബൃഹദ്രചന 'ആത്മാനു താപം' എന്ന പന്ത്രണ്ടു പാദങ്ങളുള്ള മഹാകാവ്യമാണ്. കന്യാമറിയത്തെ കേന്ദ്രസ്ഥാനത്തു നിർത്തിക്കൊണ്ടുള്ള വേദപുസ്തക പുനരാഖ്യാനമാണത്. എഴുത്തച്ഛന്റെ കിളിപ്പാട്ടുകളുടെ രൂപമാതൃകയവലംബിച്ചുകൊണ്ട് അതിനു ക്രിസ്തീയമായ ഉള്ളടക്കം നൽകുകയായിരുന്നു അച്ചൻ. 'അനസ്താസ്യയുടെ രക്തസാക്ഷിത്വം' (1862) എന്ന വഞ്ചിപ്പാട്ടുവൃത്തത്തിലെഴുതിയ ആഖ്യാനകാവ്യം നമ്മുടെ ഭാഷയിലുണ്ടായ ആദ്യ ഖണ്ഡകാവ്യമാണെന്നു കരുതുന്നവരുണ്ട്. 'എക്ളോഗു'കൾ എന്ന ഇടയനാടകങ്ങളിലൂടെയും (1855-56) തന്റെ ആത്മീയസാഹിത്യപ്രവർത്തനം നടത്തി, വാക്കുകളുടെയും ഈ മഹാഇടയൻ. എഴുത്തിലൂടെ എന്നപോലെ തന്റെ ക്രിയാനിരതമായ ജീവിതമാതൃകയിലൂടെയും മറ്റൊരു നൂറ്റാണ്ടിനുകൂടി വഴിവെളിച്ചമാവുകയാണ് കേരളീയ നവോത്ഥാനത്തിന്റെ ഈ ആദ്യപഥികൻ.

**തമസ്കരിക്കപ്പെട്ട കാവ്യസൂര്യൻ**

കേരളീയ നവോത്ഥാനത്തെക്കുറിച്ചുള്ള ചരിത്രപാഠങ്ങളിലോ, പത്തൊൻപതാം നൂറ്റാണ്ടിലെ മലയാളകവിതയുടെ ചരിത്രത്തിലോ ചാവറയച്ചന്റെ നാമമാത്രമായ സാന്നിധ്യംപോലും കാണാനാവില്ല. പത്തൊൻപതാം നൂറ്റാണ്ടിൽ കേരളത്തിൽ അച്ചടി പ്രചരിച്ചുവെന്ന പരാമർശത്തിനപ്പുറം കടന്ന് അതിൽ അച്ചനുള്ള നിസ്തുലവും ചരിത്രപരവുമായ പങ്കാളിത്തം അംഗീകരിക്കുന്നവർ അപൂർവം. സാഹിത്യചരിത്രത്തിലേക്കുവന്നാലും ഇതുതന്നെയാണ് അവസ്ഥ. ഏതാനും ചില നമ്പൂതിരിക്കവികളുടെ ശൃംഗാരകാവ്യരചനയുടെ ചരിത്രമായി ഇരുപതാം നൂറ്റാണ്ടിന് തൊട്ടുമുമ്പുള്ള ശതകത്തിലെ മലയാളകവിതയുടെ ചരിത്രം പരിമിതപ്പെട്ടിരിക്കുന്നു. ഭോഗലാലസതയുടെ ആ വികലപാരമ്പര്യത്തെയാണ് പിന്നീട് നാരായണഗുരുവും ആശാനും ചേർന്ന് വമ്പിച്ച പരിവർത്തനങ്ങൾക്ക് വിധേയമാക്കിയത്. ഈ സരണിയിലെ ആദ്യപഥികൻ അച്ചനാണെന്ന കാര്യം പലരും വിസ്മരിച്ചു. കന്യാമറിയത്തിന്റെയും ക്രിസ്തുവിന്റെയും ക്രിസ്തീയ രക്തസാക്ഷിയും പരമപവിത്രമായ അനസ്താസ്യയുടെയും പാവനചരിതങ്ങളാണ് അച്ചൻ കാവ്യരചനയ്ക്കുവേണ്ടി തിരഞ്ഞെടുത്തത്. ‘നോവും കറയും കൂടാതെ’ പ്രസവിച്ച, ‘സൂര്യാദപളുങ്കി’നെ കടക്കുന്നതുപോലെ ദൈവപുത്രനു ജന്മംനൽകിയ സമുദ്രതാരയായ ദൈവമാതാവിന്റെ ചരിത്രസങ്കീർത്തനമാണ് ‘ആത്മാനുതാപം’. ‘മാതൃതന്റെ മാറിൽ നിന്നു പാൽകുടിച്ചതോർത്തിടാതെ/ മാനഹീനാൽ അറുപ്പിച്ചുതൻ മുലകളെ’ എന്നിങ്ങനെയാണ് അനസ്താസ്യയുടെ രക്തസാക്ഷിത്വത്തിൽ കലാശിച്ച മഹായാതനകൾ വിവരിക്കപ്പെട്ടിരിക്കുന്നത്, അച്ചന്റെ കാവ്യത്തിൽ. ഭോഗോപകരണം എന്ന നിലവിട്ട് പീഡാസഹനത്തിനുള്ള പവിത്രമാധ്യമമായി സ്ത്രീശരീരം മാറിത്തീരുന്നതിന്റെ മലയാള കവിതയിലെ അനന്യദൃഷ്ടാന്തങ്ങളിലൊന്നാണിത്. തന്റെ ജന്മനാടായ കുട്ടനാടിന്റെ ഹൃദയതാളമായി ‘നതോന്നത’ എന്ന വഞ്ചിപ്പാട്ടീണമാണ് ‘അനസ്താസ്യ’യുടെ രചനയ്ക്കായി അച്ചൻ തിരഞ്ഞെടുത്തത് എന്നതും ഇതേ വഞ്ചിപ്പാട്ട് വൃത്തത്തിലാണ് പിന്നീട്, സമാനമായ ബൗദ്ധേതിവൃത്തമുള്ള മഹാകവി കുമാരനാശാന്റെ ‘കരുണ’ എഴുതപ്പെട്ടതെന്നും ഓർക്കാം. കാവ്യരചന ഒഴിവുവേളകളിലെ അലസവിനോദമായിരുന്നില്ല ചാവറയച്ചന്. പത്തൊൻപതാം നൂറ്റാണ്ടിലെ മലയാള കവിതയുടെ സാമാന്യസ്വഭാവം പരിശോധിക്കുമ്പോൾ ഇതും ഒരസാധാരണത്വമാകുന്നു.

സാഹിത്യേതരമായ കാരണങ്ങളാൽ സാഹിത്യ ചരിത്രത്തിൽനിന്ന് ബഹിഷ്കരിക്കപ്പെട്ട ആ ആത്മീയ സരസ്വതിയുടെ വീണ്ടെടുപ്പുകൂടിയായിമാറണം അച്ചന്റെ അനുസ്മരണങ്ങൾ. കർമനിരതമായ പവിത്രജീവിതത്തിന്റെ മഹാപാഠമാണ് അച്ചൻ

നമുക്കുനൽകിയത്. നാരായണഗുരുവിനോടും അയ്യങ്കാളിയോടും പൊയ്കയിൽ അപ്പച്ചനോടുമൊപ്പം ചാവറയച്ചനെക്കൂടി പരിഗണിച്ചുകൊണ്ടുള്ള നവോത്ഥാന വായനകളാവട്ടെ, ഇനി വരുംനാളുകളിൽ.(സാഹിത്യ നിരൂപകനാണ് ലേഖകൻ)